(സി) മത്സ്യഭവൻ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടിയാണ് 1999-2000 സാമ്പത്തിക വർഷം 2.5 ലക്ഷം രൂപ അനുവദിച്ചിരുന്നത്. ഈ തുക ഇതുവരെയും ചെലവഴിച്ചിട്ടില്ല.

(ഡി) മത്സ്യഭവൻ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിലും ഇടവാ ഗ്രാമപഞ്ചായത്തിലെ മത്സ്യത്തൊഴിലാളികളുടെ ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്ന് മത്സ്യഭവൻ പ്രവർത്തനം നടത്തിവരുന്നു. ഫിഷറീസ് മേഖലയിലെ പദ്ധതികൾ മത്സ്യഭവൻ വഴിയാണ് നടപ്പാക്കി വരുന്നതെന്നതിനാൽ ഇടവയിലെ മത്സ്യത്തൊഴിലാളികൾക്കും, പദ്ധതി പ്രവർത്തനങ്ങൾ മൂലം പുരോഗതിയുണ്ടായിട്ടുണ്ട്.

ശാസ്താംപുറം മാർക്കറ്റിലെ ഫിഷറീസ് കോൾഡ് സ്റ്റോറേജ്

80 (2105) ശ്രീമതി ശോഭന ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ ശാസ്താംപുറം മാർക്കറ്റിൽ ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോൾഡ് സ്റ്റോറേജിന്റെ അവസ്ഥ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോൾഡ് സ്റ്റോറേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഈ കോൾഡ് സ്റ്റോറേജിൽ എത്ര ജീവനക്കാർ പണിയെടുക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) പ്രസ്തുത സ്ഥാപനം ഇപ്പോൾ പ്രവർത്തനരഹിതമാണ്.

(ബി) കോൾഡ് സ്റ്റോറേജ് മെഷിനറിയുടെ അറ്റകുറ്റപ്പണികൾ ചെയ്തതിനുശേഷം പ്രസ്തുത സ്ഥാപനം പ്രവർത്തനക്ഷമമാക്കുന്നതിന് ചെങ്ങന്നൂർ നഗരസഭ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(സി) സ്ഥാപനം പ്രവർത്തനരഹിതമായിതിനാൽ ഇപ്പോൾ ഒരു വാച്ചുമാൻ മാത്രമേ അവിടെ ജോലി ചെയ്യുന്നുള്ളൂ.

കായംകുളം മണ്ഡലത്തിലെ ഫിഷ്‌ലാന്റിംഗ് സെന്റർ

81 (2106) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം മണ്ഡലത്തിലെ ദേവികുളത്തിൽ നിർമ്മിച്ച ഫിഷ് ലാന്റിംഗ് സെന്റർ പ്രവർത്തിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ നിർമ്മാണത്തിനായി പൊതുഖജനാവിൽ നിന്നും എന്ത് തുക ചെലവഴിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly